## പച്ചക്കറി കൃഷി വികസനം

144 (1439) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറികൃഷി വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

### ഉത്തരം

(എ & ബി) ഉണ്ട്. പച്ചക്കറിയുടെ ഉൽപ്പാദനത്തിൽ സുസ്ഥിരത കൈവരിക്കുക, വിഷവിമുക്തമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാന വിത്തുവികസന അതോറിറ്റി, കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ തുടങ്ങിയ ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്.

(ഡി) പദ്ധതി നടത്തിപ്പിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഓരോ ജില്ലയിലും ചെയ്യേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കികഴിഞ്ഞു. പച്ചക്കറി വിത്ത് കിറ്റുകൾ തയ്യാറാക്കാനും വിതരണം ചെയ്യാനുമുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

## പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

145 (1440) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly